ഔഷധ നയം

118 (3552) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ നിരവധി മരുന്നുകൾക്ക് ക്രമാതീതമായി വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മരുന്നുവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ഔഷധങ്ങളുടെ വിലക്കയറ്റം തടയുന്നതിനും വിതരണം സുതാര്യമാക്കുന്നതിനും പുതിയ ഔഷധ നയം രൂപീകരിക്കുമോ ;

(സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് സർക്കാർ ആഭിമുഖ്യത്തിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ജീവൻ രക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. മരുന്നുകളുടെ വിലനിയന്ത്രണത്തിന് സംസ്ഥാന സർക്കാരിന് അധികാരം ഒന്നുംതന്നെയില്ല. പരമാവധി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള മരുന്നുകളുടെ വില്പന വകുപ്പ് നിരന്തരം പരിശോധിക്കുകയും ഉല്പാദകർ പ്രസ്തുത ഉല്പന്നത്തിന് അമിതവില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി മരുന്നുകളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുമുണ്ട്.

(ബി) 2012 ഡിസംബർ 7-ന് നിലവിൽ വന്നിട്ടുള്ള ദേശീയ ഔഷധ വില നിയന്ത്രണ നയം (National Pharmaceutical Pricing Policy 2012) പ്രകാരം 348 ഇനം അവശ്യമരുന്നുകൾ ക്രോഡീകരിച്ച് National List of Essential Medicines തയ്യാറാക്കുകയും പ്രസ്തുത മരുന്നുകൾ എല്ലാംതന്നെ വിലനിയന്ത്രണ പരിധിയിൽ ഉൾപ്പെടുത്തി അവയുടെ സീലിംഗ് പ്രൈസ് ഘട്ടംഘട്ടമായി നിശ്ചയിച്ചുറപ്പിച്ചുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയിൽനിന്നും നേരിട്ട് മരുന്നുകൾ ശേഖരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രി കളിൽ വിതരണം ചെയ്യുവരുന്നു. കൂടാതെ വില നിയന്ത്രണം ഇല്ലാത്ത മരുന്നുകളുടെ അധിക വില കാരണം ചികിത്സാചെലവുകൾ താങ്ങാനാവാത്ത സാഹചര്യം നിലവിലുണ്ട്. ആയതിന് ആശ്വാസമേകുന്നതിലേയ്ക്കായി സർക്കാരിന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി, മാവേലി മെഡിക്കൽ സ്റ്റോറുകൾവഴി മരുന്നുകളുടെ വില വളരെ കുറച്ച് പാവപ്പെട്ട രോഗികൾക്ക് കൊടുക്കാനുള്ള സൗകര്യം ചെയ്യുവരുന്നു.

ഓൺലൈൻ മരുന്നുവ്യാപാരം

119 (3553) ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ മരുന്നുവ്യാപാരം വ്യാപകമായി നടക്കുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ ; വിശദാംശം അറിയിക്കാമോ ;

(ബി) അംഗീകൃത ഡോക്ടറുടെ കുറിപ്പടിയില്ലാതെ ചികിത്സ നടത്തുന്നത് പൊതുജനാരോഗ്യരംഗത്ത് പ്രതിസന്ധിയുണ്ടാക്കാനിടയുണ്ടെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത്തരം മരുന്നുകൾ മിക്കവയും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാത്തതും ചില മരുന്നുകൾ മാജിക്കൽ റെമഡീസ് നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണെന്ന് കണക്കിലെടുത്ത് ഓൺലൈൻ മരുന്നുവ്യാപാരം നിയന്ത്രിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ആരോഗ്യത്തിന് ഭീഷണിയായി ഓൺലൈൻ മരുന്നുവ്യാപാരം വ്യാപകമാകുന്നത് സംബന്ധിച്ച പത്ര വാർത്ത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദമായ അന്വേഷണത്തിൽ അലോപ്പതി മരുന്നുകൾ ഒന്നുംതന്നെ ഓൺലൈൻവഴി പ്രാപ്യമാക്കുന്നതായി കണ്ടെത്തിയിട്ടില്ല. ഓൺലൈൻ മരുന്നു വ്യാപാരത്തിനുവേണ്ടിയുള്ള അപേക്ഷകളൊന്നുംതന്നെ നാളിതുവരെ വകുപ്പിന്

LIBRARY ARCHIVES Kerala Legislative Assembly